# Desabhimani

## 27 August 2018

## Kochi, After Flood, Electricity, Restoration Work

അവശേഷിക്കുന്നത് 300 എണ്ണം

# 250 ട്രാൻസ്ഫോർമർ നന്നാക്കി

ഇതര സംസ്ഥാനങ്ങളിൽ നിന്നും ജില്ലകളിൽ നിന്നും തൊഴിലാളികളെ വരുത്തി



അത്താണിയിൽ വെള്ളപ്പൊക്കത്തിൽ തകർന്ന വൈദ്യുതി ലൈനുകൾ കെഎസ്ഇബി തൊഴിലാളികൾ നന്നാക്കുന്നു

**കൊച്ചി**

വെള്ളം കയറിയതിനെത്തുടർന്ന് താറുമാറായിരുന്ന വൈദ്യുതി വിതരണം ജില്ലയിൽ പുനഃസ്ഥാപിച്ചു വരുന്നതായി വൈദ്യുതി ബോർഡ് അധികൃതർ. മറ്റ് സംസ്ഥാനങ്ങളിൽനിന്നും മറ്റ് ജില്ലകളിൽനിന്നും തൊഴിലാളികളെ എത്തിച്ചാണ് വൈദ്യുതി പുനഃസ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നത്. വെള്ളം കയറിയതിനെത്തുടർന്ന് ഓഫാക്കി വെച്ചിരുന്ന 550 ട്രാൻസ്ഫോർമറുകളിൽ 250 എണ്ണം ചാർജ്ജ് ചെയ്തു.

വെള്ളം കയറിയ സ്ഥലങ്ങളിൽ സുരക്ഷാപ്രശ്നങ്ങൾ കണക്കാക്കിയാണ് കെഎസ്ഇബി വൈദ്യുതിബന്ധം വിഛേദിച്ചത്. വെള്ളം ഇറങ്ങിയിട്ടും പല ജീവനക്കാരും ദുരിതാശ്വാസ ക്യാമ്പുകളിലായത് വൈദ്യുതി പുനഃസ്ഥാപിക്കുന്നതിന് തടസ്സമായതായി ഡെപ്യൂട്ടി ചീഫ് എൻജിനിയർ കെ പി പ്രദീപ് പറഞ്ഞു. ഇത് പരിഹരിക്കാൻ ഇതരസംസ്ഥാനങ്ങളിൽനിന്നും മറ്റ് ജില്ലകളിൽനിന്നുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പു വരുത്തിക്കഴിഞ്ഞു. ആന്ധ്രയിൽനിന്ന് ഒരുചീഫ് എൻജിനിയറുടെ നേതൃത്വത്തിൽ ഒരു സംഘം എത്തിയിട്ടുണ്ട്. തമിഴ്നാട്ടിൽനിന്ന് സാധന സാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ട്. വെള്ളം കയറാത്ത കണ്ണൂർ, കാസർഗോഡ് ജില്ലകളിൽനിന്നും വടകരയിൽനിന്നും ജീവനക്കാരെ എത്തിച്ചിട്ടുണ്ട്.

മൂത്തകുന്നം, വടക്കേക്കര, ചേന്ദമംഗലം, ആലങ്ങാട് എന്നിവിടങ്ങളിലും വെള്ളം ഇപ്പോഴും കയറിക്കിടക്കുന്ന പെരിയാറിന്റെ തീരങ്ങളിലും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ കാലതാമസം നേരിടും. ആലുവ, അങ്കമാലി, പെരുമ്പാവൂർ, കോലഞ്ചേരിയിലെ ചില പ്രദേശങ്ങൾ എന്നിവിടങ്ങളിലും കാലതാമസം ഉണ്ടാകും. വരാപ്പുഴ, ചേരാനെല്ലൂർ, വൈപ്പിനിലും ഞാറയ്ക്കലും ചെറായിയിലും ആമ്പല്ലൂരും കോലഞ്ചേരിയുടെ ചിലഭാഗങ്ങളിലും വൈദ്യുതി പുനഃസ്ഥാപിക്കാനായി.